# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | OCTOBER 2023 | No. 12


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സദൃശ്യവാക്യങ്ങൾ 24:1-10**

01. ദുഷ്ടന്മാരോടു അസൂയപ്പെടരുതു; അവരോടുകൂടെ ഇരിപ്പാൻ ആഗ്രഹിക്കയുമരുതു.

02. അവരുടെ ഹൃദയം സാഹസം ചിന്തിക്കുന്നു; അവരുടെ അധരം വേണ്ടാതനം പറയുന്നു.

03. ജ്ഞാനംകൊണ്ടു ഭവനം പണിയുന്നു; വിവേകംകൊണ്ടു അതു സ്ഥിരമായി വരുന്നു.

04. പരിജ്ഞാനംകൊണ്ടു അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സകല സമ്പത്തും നിറഞ്ഞുവരുന്നു.

05. ജ്ഞാനിയായ പുരുഷൻ ബലവാനാകുന്നു; പരിജ്ഞാനമുള്ളവൻ ബലം വർദ്ധിപ്പിക്കുന്നു.

06. ഭരണസാമർത്ഥ്യത്തോടെ നീ യുദ്ധം നടത്തി ജയിക്കും; മന്ത്രിമാരുടെ ബഹുത്വത്തിൽ രക്ഷയുണ്ടു.

07. ജ്ഞാനം ഭോഷന്നു അത്യുന്നതമായിരിക്കുന്നു; അവൻ പട്ടണവാതിൽക്കൽ വായ് തുറക്കുന്നില്ല.

08. ദോഷം ചെയ്‌വാൻ നിരൂപിക്കുന്നവനെ ദുഷ്കർമ്മി എന്നു പറഞ്ഞുവരുന്നു.

09. ഭോഷന്റെ നിരൂപണം പാപം തന്നേ; പരിഹാസി മനുഷ്യർക്കു വെറുപ്പാകുന്നു.

10. കഷ്ടകാലത്തു നീ കുഴഞ്ഞുപോയാൽ നിന്റെ ബലം നഷ്ടം തന്നേ.

# ശ്രദ്ധേയമായ പ്രവൃത്തികൾ ചെയ്യാൻ നിങ്ങൾ ദൈവീകമായി വിളിക്കപ്പെട്ടിരിക്കുന്നു!

**YOU ARE DIVINELY SUMMONED TO ACCOMPLISH REMARKABLE DEEDS!**

**പാസ്റ്റർ ഏഞ്ചലിൻ സെൽവകുമാരി**



വിളിയുടെ പ്രതിധ്വനി മാസികയിലൂടെ നിങ്ങളെയെല്ലാം ഒരിക്കൽകൂടി കാണാൻ കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. 2023 വർഷത്തിൽ കഴിഞ്ഞുപോയ എട്ടു മാസങ്ങൾ ദൈവം നമ്മെ അതിശയകരമായി നടത്തി പരിപാലിച്ചതിൽ അതിയായ സന്തോഷം ഉണ്ട്. ശേഷിക്കുന്ന മാസങ്ങളിലെ നന്മ അനുഭവിക്കാൻ അവന്റെ കൃപ മാത്രം മതി എന്നത് സന്തോഷം നൽകുന്നതാണ്.

ഒരു സാധാരണ ജീവിതം നയിക്കാനല്ല ദൈവം നമ്മെ സൃഷ്ടിച്ചതും വിളിച്ചതുമെന്ന് ദാനീയേൽ 11:32 നമ്മെ ഓർമ്മിപ്പിക്കുന്നു.

**ദൈവത്തെ അറിയുകയും അവനെ അനുസരിക്കുകയും ചെയ്യുന്ന യഹൂദന്മാർ ശക്തരായിത്തീരും, അവർ തിരിച്ചടിക്കും** (ദാനീയേൽ 11:32).

തന്റെ ജനം ആത്മീയമായി പക്വത പ്രാപിക്കുകയും, പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ ശക്തിയും വിശ്വാസവും പ്രകടിപ്പിക്കുകയും ചെയ്യണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഏതു വെല്ലുവിളി നിറഞ്ഞ സാഹചര്യത്തെയും ചെറുത്തു തോല്പിക്കുക, അല്ലെങ്കിൽ ധൈര്യത്തോടെ നേരിടുക.

അസാധാരണമായ വിശ്വാസം നേടിയെടുക്കുക എന്നത് സാധാരണ മാർഗ്ഗങ്ങളിലൂടെ സാദ്ധ്യമല്ല എന്നത് യേശുവിന് അറിയാമായിരുന്നതിനാലാണ് അവൻ പരിശുദ്ധാത്മാവിനെ വാഗ്ദത്തമായി തന്നത്. അത് നമ്മുടെ ശക്തി പ്രകടിപ്പിക്കാൻ നമ്മെ ശക്തമാക്കും.

*4-ാം പേജിൽ തുടരും...*




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**
**തമിഴ് ഞായർ ആരാധന- 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



**ബലം ദൈവത്തിന്നുള്ളതെന്നു ദൈവം ഒരിക്കൽ അരുളിച്ചെയ്തു, ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു.** – സങ്കീർത്തനം 62:11

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager
Dr. Rabinder Boaz, M.S.
Bro. K. Puratchivendan

**EDITORIAL BOARD**

Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call

കർത്താവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ സ്നേഹത്തോടെ നിങ്ങൾക്കു വന്ദനം അർപ്പിക്കുന്നു.



ഡോ. എ. റിച്ചാർഡ് സാമുവൽ

2023 ആഗസ്റ്റ് 30-ാം തീയതി **വിളിയുടെ പ്രതിധ്വനി**യുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്ററായ ഞങ്ങളുടെ പ്രീയ സഹോദരൻ ഡോ. എ. റിച്ചാർഡ് സാമുവൽ MA. Phd, നിത്യതയിൽ ചേർക്കപ്പെട്ട വിവരം വ്യസനത്തോടെ അറിയിക്കുന്നു. ഈ അടുത്ത കാലത്തായി അദ്ദേഹത്തിന് നല്ല സുഖമില്ലായിരുന്നു. ലേഖനങ്ങളിലൂടെയും, പ്രസംഗത്തിലൂടെയും, പ്രബോധനത്തിലൂടെയും വളരെക്കാലം ഞങ്ങളോടൊപ്പം ശുശ്രൂഷ ചെയ്തു. ഈ പ്രയാസമേറിയ സമയത്തിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും ചെറുമക്കൾക്കും, സങ്കടത്തിലായിരിക്കുന്ന മറ്റു പ്രീയപ്പെട്ടവർക്കു വേണ്ടിയും പ്രാർത്ഥിക്കുവിൻ.

**വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക** എന്ന 2 തിമൊഥെയോസ് 4:2 ലെ വചന പ്രകാരം വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ ഞങ്ങൾ ദൈവവചനം പ്രസംഗിക്കാൻ ശ്രമിക്കുന്നു:

- ഒന്നിലധികം ഭാഷകളിൽ സഭയിൽ ആരാധന നടത്തുക
- ദൈവത്തിന്റെ സമാധാനം നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.
- തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിൽ തപാൽ ബൈബിൾ കോഴ്സുകൾ (BIBLECOR) നടത്തുന്നു.
- തമിഴിലും ഇംഗ്ലീഷിലും വിദൂര വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ വേദശാസ്ത്ര പഠനം പ്രാവർത്തികമാക്കുന്നു.
- ഹിന്ദിയിലും തമിഴിലുമായി മൂന്നു നെഹെമ്യ ബൈബിൾ കോളേജുകൾ (റെസിഡൻഷ്യൽ/സായാഹ്ന) പ്രവർത്തിക്കുന്നു.
- പൂർണ്ണമായും ഇംഗ്ലീഷ് മീഡിയത്തിലൂടെ പ്രവർത്തിക്കുന്ന സെന്റ് പോൾസ് മെട്രിക്കുലേഷൻ (വില്ലേജ് ഹൈസ്കൂൾ).
- അതിവേഗം 16 ഭാഷകളിലുള്ള വാർത്താമാസിക അച്ചടിക്കാവുന്ന അത്യാധുനിക ഓഫ്സെറ്റ് പ്രസ്സ്.
- ദരിദ്രരുടെ സാമൂഹ്യ ഉയർച്ചക്കായുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു.
- വിവിധ ഭാഷകളിൽ ഉണർവ്വു യോഗങ്ങൾ സംഘടിപ്പിക്കുന്നു.
- തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക് എന്നീ ഭാഷകളിൽ യേശുക്രിസ്തുവിന്റെ സ്നേഹ സുവിശേഷം പ്രസംഗിക്കുന്ന വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനൽ നടത്തുന്നു.

ഞങ്ങൾക്ക് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സഹായിക്കുന്ന സർവ്വശക്തനായ ദൈവത്തിനും അവന്റെ കൃപകൾക്കുമായി സ്തോത്രം. ഞങ്ങളെ പിന്തുണയ്ക്കുന്ന എല്ലാവരോടുമുള്ള നന്ദിയും അറിയിക്കുന്നു.

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Media Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

## യുട്യൂബ് ശുശ്രൂഷയുടെ വളർച്ച!

ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോണുകൾ, യുട്യൂബ് തുടങ്ങിയ അത്യാധുനിക സാങ്കേതിക കണ്ടുപിടിത്തങ്ങൾ ഒഴിവാക്കണമെന്ന ഒരു വിശ്വാസം പണ്ട് ആത്മീക ലോകത്തിൽ ഉണ്ടായിരുന്നു. ഞങ്ങളും സമാനമായ വീക്ഷണം പുലർത്തി. എന്നാൽ അടുത്ത കാലത്തായി പത്രങ്ങൾ, റേഡിയോ, പുസ്തകങ്ങൾ തുടങ്ങിയ പരമ്പരാഗത വാർത്താ ഉറവിടങ്ങളെ ആശ്രയിക്കുന്നത് ജനങ്ങൾ കുറച്ചിരിക്കുന്നു. അവർ ചില ആത്മീയ യോഗങ്ങളിൽ പങ്കെടുക്കുന്നെങ്കിലും ഓൺലൈൻ ആരാധനകളെ കൂടുതൽ ആശ്രയിക്കുന്നു.

## മൊബൈൽ/സെൽ ഫോണുകൾ

കുട്ടികൾ മുതൽ മുതിർന്നവർ വരെ, അവരുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ, ഒന്നോ അതിൽ അധികമോ മൊബൈൽ ഫോണുകൾ സ്വന്തമായിട്ടുണ്ട്. ഓരോന്നിലും ഒന്നിലധികം സിം കാർഡുകൾ കാണാറുണ്ട്. അങ്ങനെ, ലോകമെമ്പാടും ദശലക്ഷക്കണക്കിന് മൊബൈൽ ഫോണുകൾ ഉപയോഗത്തിലുണ്ട്.

ഒരേസമയം ആയിരക്കണക്കിന് ജനങ്ങളിലേക്ക് എത്തിച്ചേരാൻ, ആത്മീയ വ്യക്തികൾ ആദ്യം ഇഷ്ടപ്പെടാതിരുന്ന മൊബൈൽ ഫോണുകൾ ഇപ്പോൾ ഞങ്ങൾ ഉപയോഗിക്കുന്നു. മൊബൈൽ ഫോണുകളുടെ ദുരുപയോഗം കൂടുതലായി ഉണ്ടെങ്കിലും ആധുനിക ജനങ്ങളിലേക്ക് സുവിശേഷ സന്ദേശം എത്തിക്കുവാനായി ഞങ്ങൾ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നു.

ലോകവാർത്തകളും വിനോദ പരിപാടികളും കാണാനും കേൾക്കാനും ആളുകൾ സെൽഫോണുകൾ ഉപയോഗിക്കുമ്പോൾ, അവർക്ക് സുവിശേഷ സന്ദേശങ്ങൾ കേൾക്കാനുള്ള അവസരവും ഉണ്ട്. ആദ്യകാലങ്ങളിൽ സിനിമകളും നാടകങ്ങളും വാർത്തകളും സംപ്രേഷണം ചെയ്യുമ്പോൾ ഞങ്ങൾ 15 മിനിട്ട് കർത്താവിന്റെ സന്ദേശം പ്രസംഗിക്കുമായിരുന്നു. ഇതിലൂടെ ഞങ്ങൾക്ക് അനേകം നല്ല ഫലങ്ങൾ ലഭിച്ചു. അതിന്റെ ഫലമായി അനേകം മുഴുസമയ ക്രിസ്തീയ ചാനലുകൾ ഉണ്ടായത് ഞങ്ങൾക്ക് നേട്ടമായി.

മൊബൈൽ ഫോണുകൾ അപകടകരമായവയാണെങ്കിൽകൂടിയും **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനൽ മുഖ്യമായി കേന്ദ്രീകരിക്കുന്നത് അപകടകരമായ അവസ്ഥകളിലേക്ക് പോകുന്നവരെയും ആത്മഹത്യ പ്രവണത ഉള്ളവരെയും യേശുക്രിസ്തുവിന്റെ ശക്തിയിലൂടെ രക്ഷയിലേക്ക് കൊണ്ടു വരിക എന്നതാണ്. ഈ ലോകത്തിലെ ജനങ്ങളുടെ വീണ്ടെടുപ്പ് ലക്ഷ്യമാക്കിക്കൊണ്ട് എല്ലാ ദിവസവും രാവിലെ 5.00 മണിക്ക് തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക് ഭാഷകളിൽ ചെറിയ സന്ദേശം പ്രക്ഷേപണം ചെയ്യുന്നു. ദശലക്ഷക്കണക്കിന് ആളുകൾ തങ്ങളുടെ സെൽഫോണുകൾ ലൗകിക കാര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്നതിന്റെ അനന്തരഫലങ്ങളിൽ നിന്ന് അവരെ രക്ഷിക്കാൻ അതേ ഉപകരണം തന്നെ ഉപയോഗിക്കാം. അതിനാൽ ഈ സാങ്കേതികവിദ്യയിലൂടെ ലോകം മുഴുവനുമുള്ള ജനങ്ങളെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സ്നേഹമുള്ള പരിചരണത്തിൻകിഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു.

## ചില സാക്ഷ്യങ്ങൾ പ്രസിദ്ധീകരിക്കുന്നു:

*"എനിക്ക് ആത്മീയമായി ക്ഷീണവും തളർച്ചയും അനുഭവപ്പെട്ടു. നിങ്ങളുടെ സന്ദേശം എന്നെ ആശ്വസിപ്പിക്കുകയും ഉയർത്തുകയും ചെയ്തു".*

*"ജീവിതത്തിലുണ്ടായ ദുരന്തങ്ങൾ കാരണം എനിക്ക് ഇനി ജീവിക്കാൻ ആഗ്രഹമില്ലായിരുന്നു. യുട്യൂബ് ചാനലിലെ നിങ്ങളുടെ പ്രാർത്ഥന ജീവിക്കാനുള്ള എന്റെ ആഗ്രഹത്തെ ശക്തിപ്പെടുത്തി".*

*"ഞാൻ രോഗിയും കിടപ്പിലുമായിരുന്നു. യുട്യൂബ് ചാനലിലൂടെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ എനിക്ക് രോഗശാന്തി നൽകി".*

*"നിങ്ങളുടെ സന്ദേശങ്ങൾ കുടുംബമായി ഞങ്ങൾ ശ്രവിക്കുകയും കുടുംബത്തിൽ കൂട്ടായ്മയും സൗഖ്യവും അനുഭവിച്ചു".*

*"ഞാൻ വിരമിച്ച ദൈവദാസനാണ്. നിങ്ങളുടെ തമിഴ്, ഹിന്ദി, ഇംഗ്ലീഷ്, തെലുങ്ക് ഭാഷകളിലെ സന്ദേശങ്ങൾ ഞാനുമായി ബന്ധപ്പെട്ട എല്ലാ ഗ്രൂപ്പുകളിലും ഷെയർ ചെയ്യുകയാണ് ഇപ്പോൾ എന്റെ മുഖ്യജോലി. ഇത് വളരെ നല്ല ശുശ്രൂഷയാണ്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ജീവരക്ഷക്കായി ഈ സന്ദേശങ്ങൾ തികച്ചും അനുഗ്രഹീതമാണ്. ഇത് തുടരുക. 55 വർഷങ്ങളായുള്ള നിങ്ങളുടെ ശുശ്രൂഷയിലെ കഠിനാദ്ധ്വാനത്തെ ഞാൻ അഭിനന്ദിക്കുന്നു. കഴിഞ്ഞ 50 വർഷമായി എനിക്ക് നിങ്ങളെ അറിയാം".*

*"നിങ്ങളുടെ യുട്യൂബ് ചാനൽ ശ്രവിക്കാൻ തുടങ്ങിയതുമുതൽ ഞങ്ങൾ പതിവായി ആലയത്തിന്റെ എല്ലാ കാര്യങ്ങളിലും പങ്കെടുക്കുയും കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുകയും ചെയ്യുന്നു. ചാനൽ സന്ദേശങ്ങൾ ശ്രവിച്ചിട്ട് എന്റെ വ്യക്തിപരമായ പ്രാത്ഥനയും കുടുംബപ്രാർത്ഥനയും ചെയ്യുന്നു".*

സമാനമായ രീതിയിൽ അനുഭവമുള്ള അനേകം പ്രതികരണങ്ങൾ ഞങ്ങൾക്ക് ലഭിക്കാറുണ്ട്. അതിനുവേണ്ടിയാണ് ഞങ്ങൾ ഈ യുട്യൂബ് ശുശ്രൂഷ ആരംഭിച്ചത്. ദൈവഹിതം നിറവേറപ്പെടുവാൻ ദയവായി പ്രാർത്ഥിക്കുവിൻ.

ഈ സാക്ഷ്യങ്ങളിൽ ഞങ്ങൾ നന്ദിയുള്ളവരാണ്. ലോകമെമ്പാടുമുള്ള ജനങ്ങളിൽ ഈ ശുശ്രൂഷ ഉണ്ടാക്കിയ സ്വാധീനത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു.

നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ +91 9841071858 എന്ന സെൽ ഫോൺ നമ്പരിലൂടെ **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനൽ സബ്സ്കൈബ് ചെയ്യുവിൻ.

വാട്ട്ആപ്പിലും സെൽഫോണിലും ഞാനുമായി ബന്ധപ്പെടുവാൻ +91 9841271858 എന്ന നമ്പർ ഉപയോഗിക്കുവിൻ.

നിങ്ങളുമായി അടുത്ത ബന്ധം പുലർത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നതിനാൽ ഈ രണ്ടു മൊബൈൽ നമ്പരുകളും നിങ്ങളുടെ സെൽ ഫോണിൽ സേവ് ചെയ്യുവിൻ. ഈ ശുശ്രൂഷകളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന എല്ലാവർക്കുംവേണ്ടി നിങ്ങൾ ദയവായി പ്രാർത്ഥിക്കുവിൻ.

കൂടാതെ, ഈ ശുശ്രൂഷ മെച്ചപ്പെടുത്തുവാനും മുമ്പോട്ടു പോകുവാനുമുള്ള പ്രോൽത്സാഹനത്തിനുമായി നിങ്ങളുടെ നിർദ്ദേശങ്ങളും പിന്തുണയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

നാം വിവിധങ്ങളായ ആത്മീയ പോരാട്ടങ്ങൾ അഭിമുഖീകരിക്കുന്നു. അനേകം ദൈവദാസന്മാർ ശാരീരികമായ ബലഹീനതകളാൽ ഭാരപ്പെടുന്നു. നിങ്ങൾക്ക് ദൈവീക സംരക്ഷണം ലഭിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ, ആമേൻ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വസ്തർ,

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858
E.mail : samselvaraj333@gmail.com

1-ാം പേജിന്റെ തുടർച്ച...

**എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും** എന്ന് അപ്പൊസ്തലപ്രവൃത്തികൾ 1:8-ൽ പറയുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ ജീവിതം പരിശോധിക്കുകയാണെങ്കിൽ പരിശുദ്ധാത്മാഭിഷേകത്തിനു മുമ്പും പിമ്പും അവരുടെ ജീവിതത്തിൽ വലിയ മാറ്റം വന്നതായി കാണാം. ചെറിയ ഒരു കൂട്ടത്തിനുമുമ്പിൽ യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പത്രൊസ് പിന്നീട് ആയിരക്കണക്കിന് ജനങ്ങളുടെ മുമ്പിൽ അവന്റെ സാക്ഷി ആയി. അവന് എവിടന്നാണ് ഈ ധൈര്യം ലഭിച്ചത്? അവന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ്.

## പ്രവർത്തിക്കുന്ന വിശ്വാസം

പരിശുദ്ധാത്മാവിന്റെ പരിവർത്തനശക്തിയിലൂടെ, വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, എങ്ങനെ ഒരു സാധാരണ വ്യക്തിയെ അസാധാരണ വ്യക്തിയാക്കി മാറ്റാൻ സാധിക്കുമെന്ന് അപ്പൊസ്തലപ്രവൃത്തികൾ 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. നമ്മുടെ വിശ്വാസത്തെ നാം പ്രാവർത്തികമാക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നതിന്റെ യഥാർത്ഥ ഉദാഹരണം ഇത് നൽകുന്നു. പരിശുദ്ധാത്മാവ് ലഭിച്ചതിനുശേഷം ശിഷ്യന്മാർ ചെയ്ത ആദ്യത്തെ അതിശയത്തിലൂടെ ഈ സത്യം സാധൂകരിക്കുന്നു.

## അപ്പൊസ്തലപ്രവൃത്തികൾ അദ്ധ്യായം 3: പത്രൊസ്, യോഹന്നാൻ

### നമുക്ക് ഈ ഖണ്ഡികയിലേക്കു കടക്കാം

പത്രൊസിന്റെയും യോഹന്നാന്റെയും മുടന്തന്റെയും ജീവിതത്തിൽ അത് ഒരു സാധാരണ ദിവസമായിരുന്നു. മനസ്സിലാക്കുന്നതിനുവേണ്ടി നമുക്ക് മുടന്തനെ ടോം എന്നു വിളിക്കാം.

ഇവർ മൂന്നുപേരും അവരവരുടെ ദിനചര്യകൾ പാലിച്ച് പള്ളിയിൽ പോകാൻ തുടങ്ങുകയായിരുന്നു. പത്രൊസും യോഹന്നാനും ദൈവത്തെ ആരാധിക്കാൻ പോയപ്പോൾ ടോം തന്റെ ആദായത്തിനായി പോയി. ആ ദിവസം ദൈവം എന്താണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് മൂന്നുപേരും അറിഞ്ഞില്ല. അത് ജീവിതത്തെ മാറ്റിമറിക്കുന്ന ദിവസമാണെന്ന് അവർ അറിഞ്ഞതായി ഞാൻ കരുതുന്നില്ല.

### പശ്ചാത്തല കഥ:

പതിവുപോലെ പത്രൊസും യോഹന്നാനും ദൈവത്തിന്റെ ആലയത്തിലേക്കു പോയി. അങ്ങനെ ഒരു ദിവസം നടക്കാൻ കഴിയാത്ത ടോമിനെ ചിലർ ചേർന്ന് ആലയത്തിന്റെ മുമ്പിൽ ഭിക്ഷാടനത്തിനായി കൊണ്ടിരുത്തി. 40 വയസ്സോളം പ്രായമുള്ള അവൻ ജന്മനാ മുടന്തനായിരുന്നു. അവൻ അടുത്തുള്ള യഹൂദന്മാരുടെ പരിചയക്കാരനും എല്ലാവർക്കും അറിയാവുന്നവനും ആയിരുന്നു. നൂറുകണക്കിന് ആളുകൾ ആലയത്തിൽ കയറിപോകുകയും ഇറങ്ങിവരികയും ചെയ്യുന്നുണ്ടായിരുന്നു. ചിലർ ഇവന് ഭിക്ഷ കൊടുക്കുന്നുണ്ടായിരുന്നു. ചിലർ ഇവനെ അവഗണിച്ചു.

ഈ മനുഷ്യൻ തന്റെ ജീവിതത്തിന്റെ നാലു പതിറ്റാണ്ടുകൾ ആലയത്തിന്റെ മുമ്പിൽ ഇരുന്നു എന്നതാണ് സങ്കടകരമായ കാര്യം. ഒരുപക്ഷെ ആലയത്തിന്റെ എല്ലാ ആചാരങ്ങളും പാരമ്പര്യങ്ങളും ആലയത്തിൽ വരികയും പോകുകയും ചെയ്യുന്നവരുടെ പേരുവിവരങ്ങളും അവന് അറിയാമായിരുന്നിരിക്കാം. നാലു പതിറ്റാണ്ടുകൾ അവൻ അവിടെ ഉണ്ടായിരുന്നതിനാൽ എല്ലാ സഭാമേലദ്ധ്യക്ഷന്മാരെയും ആരാധനയ്ക്ക് ഉപയോഗിക്കുന്ന പാട്ടുകളും അവന് അറിയാമായിരുന്നിരിക്കാം. അവൻ പള്ളിയ്ക്കു പുറത്ത് ആയിരുന്നതിനാൽ അനേകം ആരാധനകളും പ്രസംഗങ്ങളും അവൻ കേട്ടു കാണും എങ്കിലും ആരും അവനെ അകത്തേക്കു കൊണ്ടുപോയില്ല.

ഇത് പരിചിതമാണെന്ന് തോന്നുന്നുവോ? നമ്മിൽ ചിലർ ഇങ്ങനെയാണ്. ദൈവം ആരാണെന്ന് നമുക്ക് അറിയാം, അവന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്, അവന്റെ ഭയങ്കരമായ ശക്തിയെക്കുറിച്ചും നാം കേട്ടിട്ടുണ്ട്, കൂടാതെ, നാം അനേകം സന്ദേശങ്ങൾ കേൾക്കുകയും അനേകം പാട്ടുകൾ പാടുകയും ചെയ്തിട്ടുണ്ട്. പക്ഷെ നാം ഇപ്പോഴും ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിനു തയ്യാറാകാതെ അവന്റെ സാന്നിദ്ധ്യത്തിൽനിന്നും അകന്നു നിൽക്കുന്നു. നമ്മിൽ ചിലർ നമ്മുടെ ഭൂതകാല പ്രതാപത്തെക്കുറിച്ച് പാടിക്കൊണ്ടിരിക്കുന്നു. നമ്മൾ അന്ന് ഇങ്ങനെയും അങ്ങനെയുമൊക്കെയായിരുന്നു എന്നു പറയുന്നു, പക്ഷെ, ഇപ്പോഴത്തെ അവസ്ഥയോ? ക്രിസ്തുവിനോടെപ്പമുള്ള നിങ്ങളുടെ നടത്തം എങ്ങനെയാണ്? നിങ്ങൾ അവന്റെ സാന്നിദ്ധ്യത്തിനകത്തോ, പുറത്തോ?

ടോമിനെ പള്ളിക്കകത്തേക്കു കൊണ്ടുപോകുവാൻ ആരുമില്ലായിരുന്നു. നിങ്ങൾ ഇപ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ അകലെയാണെങ്കിൽ ഈ സന്ദേശം വായിക്കുന്നതിലൂടെ അവന്റെ സാന്നിദ്ധ്യത്തിനകത്തേക്ക് കടന്നുവരുവിൻ.

ആ പ്രത്യേക ദിവസം ടോം സാധാരണ ചെയ്യുന്നതുപോലെ ഭിക്ഷ യാചിക്കുകയായിരുന്നു. പത്രൊസ് അവനെ നോക്കി, ശ്രദ്ധ അവനിൽ തന്നെ കേന്ദ്രീകരിച്ചുകൊണ്ട് അവനോട് "ഞങ്ങളെ നോക്കൂ" എന്നു പറഞ്ഞു. എന്താണ് പത്രൊസ് അവനെ തന്നെ നോക്കിക്കൊണ്ടിരുന്നത്? പത്രൊസിനോടും യോ

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यम: हिन्दी
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान
Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ഒക്ടോബർ 19*** ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയിലുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ അനുഗ്രഹിച്ചതിനായി.

***ഒക്ടോബർ 20*** ⇨ മാസികാ ശുശ്രൂഷയിലൂടെ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

***ഒക്ടോബർ 21*** ⇨ 55-ാം വർഷത്തിലേക്ക് കടക്കുന്നതിന്റെ മുന്നോടിയായുള്ള വാർഷിക കൺവെൻഷൻ നടത്താൻ സഹായിച്ചതിനായി.

***ഒക്ടോബർ 22*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾക്കായി.

***ഒക്ടോബർ 23*** ⇨ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിച്ച 16 ഭാഷകളിലെ മാസിക മിഷൻ ഫീൽഡുകളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

***ഒക്ടോബർ 24*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടങ്ങിയവർക്കായും കുടുംബാഗങ്ങൾക്കായും.

***ഒക്ടോബർ 25*** ⇨ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയുടെ വളർച്ചക്കായി.

***ഒക്ടോബർ 26*** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബത്തെയും അനുഗ്രഹിച്ചതിനായി.

***ഒക്ടോബർ 27*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്നതിനായി.

***ഒക്ടോബർ 28*** ⇨ വിവിധ മാർഗ്ഗങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

***ഒക്ടോബർ 29*** ⇨ നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്നതിനായി.

***ഒക്ടോബർ 30*** ⇨ മറ്റു ശുശ്രൂഷകളെ സഹായിക്കാൻ കഴിഞ്ഞതിനായി.

***ഒക്ടോബർ 31*** ⇨ പിന്തുണക്കുന്നവരുടെ പങ്കാളിത്തത്തിനായി.

***നവംബർ 01*** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കായും.

***നവംബർ 02*** ⇨ വേദപുസ്തകത്തിന്റെയും ക്രിസ്തീയ സാഹിത്യത്തിന്റെയും അച്ചടിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി.

***നവംബർ 03*** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണത്തിലും പൂർണ്ണ ആരോഗ്യത്തോടെയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***നവംബർ 04*** ⇨ ഞങ്ങളുടെ റെസിഡൻഷ്യൽ, സായാഹ്ന **നെഹെമ്യ ബൈബിൾ കോളേജ്** വിദ്യാർത്ഥികളുടെ അച്ചടക്കത്തിനും അർപ്പണബോധത്തിനുമായി.

***നവംബർ 05*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ മുഖ്യസഭയിലും ശാഖാസഭകളിലുമുള്ള എല്ലാ വിശ്വാസികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി.

***നവംബർ 06*** ⇨ മയക്കുമരുന്നിനോടുള്ള ആസക്തിയിൽനിന്ന് കുട്ടികളുടെയും യുവാക്കളുടെയും സംരക്ഷണത്തിനായി.

***നവംബർ 07*** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബങ്ങളുടെയും സംരക്ഷണത്തിനും ആരോഗ്യത്തിനുമായി.

***നവംബർ 08*** ⇨ നമ്മുടെ സംഘടനയുടെയും ജീവനക്കാരുടെയും കുടുംബങ്ങളുടെയും അനുഗ്രഹത്തിനായി.

***നവംബർ 09*** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥ തടസ്സമില്ലാതെ എഴുതുവാനുള്ള കൃപയ്ക്കായും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായും.

***നവംബർ 10*** ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും സമാധാനത്തിനുമായി.

***നവംബർ 11*** ⇨ ലോകമെമ്പാടുമുള്ള ജനങ്ങളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി.

***നവംബർ 12*** ⇨ ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാനുള്ള കൃപക്കായി.

***നവംബർ 13*** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെയും കുടുംബത്തിന്റെയും ആരോഗ്യത്തിനായി.

***നവംബർ 14*** ⇨ ലോകത്ത് കുട്ടികളുടെ കടത്ത് ഇല്ലാതാകുവാൻ.

***നവംബർ 15*** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും പള്ളികളുടെയും സംരക്ഷണത്തിനായി.

***നവംബർ 16*** ⇨ വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ ജീവനക്കാരുടെ സംരക്ഷണത്തിനും ആരോഗ്യത്തിനുമായി.

***നവംബർ 17*** ⇨ ഒമിക്രോൺ, ബിഎ.2.86 എന്നീ കോവിഡ് വകഭേദങ്ങളുടെ വ്യാപനം തടയാൻ.

***നവംബർ 18*** ⇨ ക്രിസ്തീയ ശുശ്രൂഷകളിൽ അത്ഭുതങ്ങളും അടയാളങ്ങളും വിസ്മയങ്ങളും സംഭവിക്കുവാൻ.

... 4-ാം പേജിന്റെ തുടർച്ച

ഹന്നാനോടും അവൻ മറ്റുള്ളവരോടു ചോദിക്കുന്നതു മാത്രമേ ചോദിച്ചുള്ളു. അവനെ കടന്നു പോകുന്ന എല്ലാവരോടും ചോദിക്കുന്ന ഒരു പൊതു അപേക്ഷ മാത്രമായിരുന്നു അത്. എന്തൊക്കെയോ പ്രധാനമായതു തങ്ങളുടെ ഇടയിൽ നടക്കാൻ പോകുന്നു എന്ന് പത്രൊസിനു തോന്നിയതുകൊണ്ട് ടോമിന്റെ മുഴുവൻ ശ്രദ്ധയും തന്നിൽ തന്നെ ആയിരിക്കണമെന്ന് പത്രൊസ് ആഗ്രഹിച്ചു. അവൻ തന്റെ വിശ്വാസം പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുവാൻ പോകുകയായിരുന്നു. അതിനാൽ അവന്റെ മുഴുവൻ ശ്രദ്ധയും തന്നിൽ തന്നെ ആയിരിക്കണമെന്ന് പത്രൊസ് ആഗ്രഹിച്ചു.

പരിശുദ്ധാത്മാവ് വരുമ്പോൾ നമ്മുടെ കർത്താവിനുവേണ്ടി അസാധാരണവും വലിയതുമായ കാര്യങ്ങൾ ചെയ്യാനുള്ള ശക്തി ലഭിക്കുന്നു. അവരുടെ വിശ്വാസം പ്രവർത്തിക്കാൻ തുടങ്ങുന്നു. അത് പ്രവർത്തിക്കാനുള്ള വിശ്വാസമാണ്. നമ്മുടെ വിശ്വാസം അസാധാരണമായ വിശ്വാസം ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

**1. അസാധാരണമായ വിശ്വാസത്തിന് അസാധാരണമായ ദർശനം ആവശ്യമാണ് - ദൃശ്യമാകുന്നതിനപ്പുറം കാണാൻ കഴിയണം.**

പത്രൊസ് ടോമിനെ അവന്റെ ശാരീരിക ബലഹീനതകൾക്കപ്പുറം കണ്ടു. അവൻ ശാരീരിക വൈകല്യമുള്ളവനും, യാചകനും, സാമ്പത്തികമായി ഒന്നുമില്ലാത്തവനും, തന്റെ ആവശ്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നവനും ആയിരുന്നു. അവന് കുറച്ചു നാണയങ്ങൾ നൽകി ദൈവത്തെ ആരാധിക്കാൻ പോകാമായിരുന്നു എങ്കിലും ടോമിന്റെ അടുക്കൽ അല്പസമയം ചെലവഴിക്കുവാൻ പത്രൊസ് തീരുമാനിക്കുന്നു. പത്രൊസ് ദേവാലയത്തിലേക്ക് പോകുവാനുള്ള തിരക്കിലായിരിക്കാം എങ്കിലും അല്പസമയം ഈ മനുഷ്യനുവേണ്ടി കണ്ടെത്തി. നമ്മുടെ ചുറ്റുമുള്ളവർക്കുവേണ്ടി ചെലവഴിക്കാൻ സമയമുണ്ടോ അതോ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി മാത്രം നാം തിരക്കിലാണോ? നമ്മിൽ ചിലർ നമ്മുടെ വ്യക്തിപരവും തൊഴിൽപരവും ആത്മീയവുമായ കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, നമ്മുടെ ഏറ്റവും അടുത്തുള്ളവരുടെ ആവശ്യങ്ങൾ കാണുന്നതിൽ പരാജയപ്പെടുന്നു.

ഈ ഒരാൾക്കുവേണ്ടി മാത്രം പള്ളിയിൽ കയറാതെ പത്രൊസ് നിന്നതായി ഇവിടെ നാം കാണുന്നു. അത് അവന്റെ യജമാനനിൽ നിന്നും പഠിച്ചതാണെന്നു ഞാൻ മനസ്സിലാക്കുന്നു - ഒരു വ്യക്തിക്കുവേണ്ടി മാത്രം നിൽക്കുക!

അത്തി മരത്തിന്റെ മുകളിൽ ഇരുന്ന ഒരു വ്യക്തിക്കുവേണ്ടി മാത്രം യേശു നിന്നു. 12 വർഷമായി രക്തസ്രാവത്താൽ ഭാരപ്പെട്ടിരുന്ന ഒരു സ്ത്രീക്കുവേണ്ടി യേശു നിന്നു. കിണറ്റിന്റെ കരയിൽ ഉണ്ടായിരുന്ന ഒരു സ്ത്രീയെ കാണാൻ വേണ്ടി യേശു പോയി. ദക്കപ്പൊലിയിൽ മാനസിക പ്രശ്നമുള്ള ഒരാളെ കാണാൻ കൊടുങ്കാറ്റിനെ മറികടന്ന് യേശു പോയി. അതുകൊണ്ട് ഒരു വ്യക്തി എന്നതിന്റെ പ്രാധാന്യം പത്രൊസിന് അറിയാം. നമ്മുടെ ജീവിതത്തിലും ഇത് പ്രാവർത്തികമാക്കാം. ആർക്കെങ്കിലും സ്നേഹമോ പരിചരണമോ ശ്രദ്ധയോ നൽകാൻ നാം അവസാനമായി നിന്നത് എപ്പോഴാണെന്ന് ഒന്ന് ചിന്തിക്കാമോ?

അവന്റെ ശാരീരിക ആവശ്യത്തിനപ്പുറം അവന്റെ ആത്മീയ വിടുതലിന്റെ ആവശ്യം കാണാൻ പത്രൊസിനു കഴിഞ്ഞു. "ഞങ്ങളെ നോക്കൂ" എന്ന് പത്രൊസ് പറഞ്ഞപ്പോൾ അ വൻ അവരെ സൂക്ഷിച്ചു നോക്കി. ഒരാളുടെ ശാരീരിക അവസ്ഥക്കപ്പുറം കാണാൻ നമുക്കു കഴിയുമോ? പലപ്പോഴും നാം വിധികർത്താക്കൾ ആണ്. യേശുവിനെ ആവശ്യമുള്ളവരും അല്ലാത്തവരും ആരെന്ന് നാം സ്വയം തന്നെ തീരുമാനിക്കുന്നു. "അവൻ ശ്രദ്ധിക്കുകയില്ല" എന്നും "ആര് അവനോടു സംസാരിക്കും" എന്നും നാം സ്ഥിരമായി കേൾക്കുന്നതാണ്. നമ്മുടെ സാക്ഷ്യം നാം പങ്കിടുമ്പോൾപോലും നാം തിരഞ്ഞെടുക്കുന്നവരാണ്. ഒരാൾക്ക് യേശുവിനെ ആവശ്യമുണ്ടോ എന്ന് അവന്റെ ബാഹ്യരൂപത്തിലൂടെയാണ് നാം ചിന്തിക്കുന്നത്.

നമ്മുടെ അസാമാന്യമായ വിശ്വാസം പ്രകടമാക്കണമെങ്കിൽ, നമ്മുടെ നഗ്ന നേത്രങ്ങൾ കൊണ്ടു നമുക്കു കാണാൻ കഴിയുന്നതിലും അപ്പുറമുള്ള, അസാധാരണമായ കാഴ്ചപ്പാടോടെ കാണാൻ തുടങ്ങണം.

ടോം ഒരു അത്ഭുതം പ്രതീക്ഷിച്ചിരുന്നില്ല, കൂടാതെ പത്രൊസ് രോഗശാന്തിയെക്കുറിച്ച് ചിന്തിച്ചതുമില്ല. അവർ തങ്ങളുടെ അസാധാരണമായ വിശ്വാസം പ്രകടമാക്കുവാൻ തുടങ്ങിയപ്പോൾ അങ്ങനെ സംഭവിച്ചു. നിങ്ങളുടെ അസാമാന്യ വിശ്വാസം പ്രകടമാക്കാനും വിശ്വാസം പ്രാവർത്തികമാക്കാനും നിങ്ങൾ തയ്യാറാണോ?

ആഴങ്ങളിലേക്കു നോക്കുവാൻ നിങ്ങളുടെ കണ്ണുകളെ നേരെയാക്കുക. നിങ്ങളുടെ

08-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd. 1989

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

**(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)**

**"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)**

### തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുന്ന കർത്താവ്

"നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല..." - യോശുവ 54:17

1969-ൽ കർത്താവ് എന്നെ തന്റെ മഹത്വമുള്ള ശുശ്രൂഷ ചെയ്യുവാൻ വിളിച്ചു. ഒരിക്കൽകൂടി, 1971-ൽ യിരെമ്യാവ് 51:20-23ൽ കാണുന്ന വാഗ്ദാനങ്ങളിലൂടെ എന്നെ പ്രോത്സാഹിപ്പിച്ചു.

**"നീ എന്റെ വെണ്മഴുവും യുദ്ധത്തിന്നുള്ള ആയുധങ്ങളും ആകുന്നു; ഞാൻ നിന്നെക്കൊണ്ടു ജാതികളെ തകർക്കയും നിന്നെക്കൊണ്ടു രാജ്യങ്ങളെ നശിപ്പിക്കയും ചെയ്യും.**

**നിന്നെക്കൊണ്ടു ഞാൻ കുതിരയെയും അതിന്റെ പുറത്തു കയറിയിരിക്കുന്നവനെയും തകർക്കും; നിന്നെക്കൊണ്ടു ഞാൻ രഥത്തെയും അതിൽ ഇരിക്കുന്നവനെയും തകർക്കും.**

**നിന്നെക്കൊണ്ടു ഞാൻ പുരുഷനെയും സ്ത്രീയെയും തകർക്കും; നിന്നെക്കൊണ്ടു ഞാൻ വൃദ്ധനെയും ബാലനെയും തകർക്കും; നിന്നെക്കൊണ്ടു ഞാൻ യുവാവിനെയും യുവതിയെയും തകർക്കും.**

**നിന്നെക്കൊണ്ടു ഞാൻ ഇടയനെയും ആട്ടിൻകൂട്ടത്തെയും തകർക്കും; നിന്നെക്കൊണ്ടു ഞാൻ കൃഷിക്കാരനെയും അവന്റെ ഏർകാളയെയും തകർക്കും; നിന്നെക്കൊണ്ടു ഞാൻ ദേശാധിപതികളെയും സ്ഥാനാപതികളെയും തകർക്കും."**

**"നീ എന്റെ വെണ്മഴുവും യുദ്ധത്തിന്നുള്ള ആയുധങ്ങളും ആകുന്നു... നിന്നെക്കൊണ്ടു ഞാൻ ദേശാധിപതികളെയും സ്ഥാനാപതികളെയും തകർക്കും."** (വാക്യം 20,23) എന്ന വാക്യങ്ങളുടെ പൂർത്തീകരണത്തിന് സാക്ഷ്യം വഹിക്കാനായി നമുക്ക് കാത്തിരിക്കാം.

1978 നും 1980 നും മദ്ധ്യേ ഞാൻ സർക്കാർ സർവ്വീസിലായിരുന്നപ്പോൾ ചെന്നൈ കടൽത്തീരത്തിനടുത്തുള്ള സർക്കാരിന്റെ ക്വാർട്ടേഴ്സിൽ താമസിക്കേണ്ടിവന്നു. ആ സമയത്ത് അവിടെയുള്ള സർക്കാർ ഉദ്യോഗസ്ഥരോട് സുവിശേഷം അറിയിക്കുവാൻ മുകളിലത്തെ നിലയിലുള്ള ഒരു വലിയ ഹാൾ ഞാൻ വാടകയ്ക്ക് എടുത്തു. പല ഉന്നത ഉദ്യോഗസ്ഥരെയും ദൈവം സ്പർശിക്കുകയും ആത്മാവിനും ശരീരത്തിനുമുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു.

അവസരം കിട്ടുമ്പോഴൊക്കെ ഓപ്പൺ എയർ മീറ്റിംഗുകൾ നടത്തുമായിരുന്നു. എന്തായാലും, എന്നെ ഇഷ്ടപ്പെടാത്തവരും, മറ്റുള്ളവർ എന്നെ ഇഷ്ടപ്പെടാതിരിക്കുവാനായി പ്രയത്നിക്കുന്നവരും ഉണ്ടായിരുന്നു. അല്പം ദൂരെ നിന്നുകൊണ്ട് എന്നെ പേടിപ്പെടുത്തുവാനായി അലറി വിളിക്കുന്നവരും യോഗങ്ങൾക്കായി ആളുകൾ വരുമ്പോൾ എന്റെ ചുറ്റും വട്ടം കൂടി നിന്ന് ഒറ്റപ്പെടുത്തുന്നവരും ഉണ്ടായിരുന്നു. ഇരുചക്ര വാഹനങ്ങളിൽ ആയുധങ്ങളുമായാണ് ഇവർ വരുന്നത്. ശാരീരികമായ ആക്രമണങ്ങൾപോലും എനിക്കുണ്ടായതിനാൽ എനിക്ക് ഭയവും ഉണ്ടായിരുന്നു. ഈ ഹാൾ എനിക്കു വാടകയ്ക്ക് തന്നിരുന്ന ഉടമസ്ഥനെ അവർ സമീപിച്ച് എന്നെ അവിടന്ന് ഒഴിപ്പിക്കണമെന്ന അവരുടെ ആവശ്യം ബോധ്യപ്പെടുത്തി.

ഇത്രയധികം വെല്ലുവിളികൾ ഉണ്ടായി എങ്കിലും ദൈവം എന്നെ കൈവിട്ടില്ല. അവൻ എന്റെ സ്ഥാനം ഉയർത്താൻ തുടങ്ങി, അവന്റെ ശക്തമായ കരം എന്നോടൊപ്പമുണ്ടായിരുന്നു. എനിക്ക് എതിരെ പ്രവർത്തിച്ചവർക്ക് മാപ്പ് നൽകി രക്ഷയിലേക്ക് നയിക്കണമെന്ന് ദൈവത്തോടു ഞാൻ പ്രാർത്ഥിച്ചു. അവരിൽ പലരെയും പിന്നീട് എനിക്കു കാണുവാൻ സാധിച്ചില്ല. ചിലരെ ഞാൻ കണ്ടുമുട്ടി. കർത്താവ് അവരെ സ്പർശിക്കുകയും ദൈവം അവർക്കു രക്ഷ നൽകുകയും ചെയ്തു എന്നതു സത്യമാണ്.

**യഹോവ നല്ലവൻ എന്നു രുചിച്ചറിയുവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ** (സങ്കീർത്തനങ്ങൾ 34:8) എന്നു സങ്കീർത്തനക്കാരൻ പറയുന്നു.

---

*6-ാം പേജിന്റെ തുടർച്ച*

സഭയിലെ അംഗങ്ങളെക്കുറിച്ച് ആഴത്തിൽ അന്വേഷിക്കുവാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? അവർ ആരാണെന്നോ, അവർ എവിടെനിന്നു വന്നവരാണെന്നോ, അവരെ കാണാൻ എങ്ങനെയായിരിക്കുമെന്നോ അറിയാമോ? ആഴത്തിൽ നോക്കാൻ അൽപ്പം സമയം ചെലവഴിക്കുവിൻ. ശൗലിലും മർക്കൊസ് എന്ന് അറിയപ്പെടുന്ന യോഹന്നാനിലും ആഴമേറിയതും സവിശേഷമായതുമായ എന്തോ ഒന്ന് ബർന്നബാസ് കണ്ടു. ആളുകളെ അവരുടെ ശാരീരിക ബാഹ്യരൂപങ്ങൾക്കപ്പുറം കാണാനും അവരുടെ ആത്മീയ ആവശ്യങ്ങളിലേക്ക് ആഴത്തിൽ നോക്കുവാനും ദൈവം നമുക്ക് ദർശനം നൽകട്ടെ.

### 2. അസാധാരണമായ വിശ്വാസം അസാധാരണമായ ധൈര്യം ഉണ്ടാക്കുന്നു!

നമ്മിൽ മിക്കവരും ഇത് സുരക്ഷിതമായി നമ്മുടെ ദിനചര്യകളിൽ ഉറച്ചുനിന്ന് നമ്മുടെ ആനന്ദത്തിൽ തന്നെ ആയിരിക്കാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ചു, ഞാൻ ഉൾപ്പെടെയുള്ളവർ പ്രായമാകുമ്പോൾ നമ്മിൽ സാഹസികത കുറഞ്ഞുവരുന്നു. ഞാൻ പല സാഹസിക റൈഡുകളിലും പങ്കെടുത്ത് അതിന്റെ അപ്രതീക്ഷിതമായ പുളകം ആസ്വദിക്കാറുണ്ടായിരുന്നു. കാലം മാറിയപ്പോൾ എന്റെ കാഴ്ചപ്പാടും മാറി. ഞാൻ എന്തിന് അനാവശ്യമായ റിസ്ക് എടുക്കണം? എന്തെങ്കിലും തെറ്റുണ്ടായാൽ എന്തു സംഭവിക്കും എന്നു ഞാൻ ചിന്തിക്കാൻ തുടങ്ങി. എന്നെപ്പോലെ തന്നെ പലരും സുരക്ഷിതമായ ഭാഗത്ത് നിൽക്കാൻ ഇഷ്ടപ്പെടുന്നു.

നമ്മിൽ പലരും ചെയ്യുന്നതുപോലെ യോഹന്നാനുമായി സംസാരിച്ച് അവനെ കടന്നു പോകാമായിരുന്നു. പക്ഷെ, അവൻ ധീരമായ ചുവടുവെയ്പ് നടത്തി. **വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക** എന്നു അവനോടു പറഞ്ഞു.

ഇത് വെറും ഒരു ധൈര്യമായിരുന്നില്ല, അസാധാരണ ധൈര്യമായിരുന്നു. പത്രൊസ് തന്റെ വിശ്വാസം അവനു പകർന്നു നൽകുകയായിരുന്നു. പ്രവൃത്തികൾ 14:8-19 വരെ വിവരിച്ചിരിക്കുന്ന പൗലൊസ് മുടന്തനെ സൗഖ്യമാക്കുന്ന സംഭവവുമായി ഇതിന് സാമാനതയുണ്ട്. പക്ഷെ വ്യത്യാസം എന്തെന്നാൽ പൗലൊസ് സൗഖ്യമാക്കിയവന് അതിനുള്ള വിശ്വാസം ഉണ്ടായിരുന്നു എന്നതാണ്. പക്ഷെ പത്രൊസ് സൗഖ്യമാക്കിയവന് വിശ്വാസം ഉണ്ടായിരുന്നോ എന്ന് ബൈബിൾ വ്യക്തമാക്കുന്നില്ല. എന്നിരുന്നാലും പത്രൊസും യോഹന്നാനും തങ്ങളുടെ വിശ്വാസം ധൈരപൂർവ്വം അവന്റെ മേൽ പകർന്നു.

നമ്മുടെ ചുറ്റുമുള്ളവരുടെ ജീവിതത്തിൽ വിശ്വാസം പകർന്നു നൽകാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. നാം അതു ചെയ്യുന്നുണ്ടോ? മിക്കപ്പോഴും വിശ്വാസം ഉള്ളവരുടെ മുമ്പിൽ നമ്മുടെ വിശ്വാസം പകരുവാൻ നാം ശ്രമിക്കാറുണ്ട്. പക്ഷെ വിശ്വാസം ഇല്ലാത്തവരെയും മറ്റു വിശ്വാസം ഉള്ളവരെയും നാം സൗകര്യപൂർവ്വം മറക്കുന്നു.

പ്രീയമുള്ളവരേ, നമ്മുടെ ചുറ്റുമുള്ളവർക്ക് വിശ്വാസം പകർന്നു നൽകാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ സമയം മറ്റുള്ളവരുടെയുള്ളിൽ വിശ്വാസത്തിന്റെ വിത്തു വിതയ്ക്കാൻ നമുക്ക് വിനിയോഗിക്കാം.

തന്റെ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിക്കാൻ പത്രൊസിനു ധൈര്യമുണ്ടായിരുന്നു. ആ മനുഷ്യൻ സുഖം പ്രാപിച്ചില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് ചിന്തിച്ചില്ല. എഴുന്നേറ്റ് നടക്കുക എന്ന് ആത്മവിശ്വാസത്തോടെ പത്രൊസ് പറഞ്ഞു. പത്രൊസിന്റെ കല്പന ആ മനുഷ്യന് മനസ്സിലായില്ല. അടുത്ത വാക്യത്തിൽ വിവരിക്കുന്നതുപോലെ പത്രൊസ് അവന്റെ കൈ പിടിച്ച് എഴുന്നേല്ക്കാൻ അവനെ സഹായിച്ചു. അപ്പോഴാണ് തനിക്ക് എഴുന്നേറ്റു നടക്കാൻ കഴിയുമെന്ന് ആ മനുഷ്യനു മനസ്സിലായത്.

“എഴുന്നേറ്റു നടക്ക” എന്ന് പത്രൊസ് പറഞ്ഞു.

വലങ്കരം പിടിച്ച് ഉയർത്തുവാൻ ആഗ്രഹിച്ച് കരം നീട്ടി നമ്മെ കാത്തിരിക്കുന്ന അനേകരെ ഈ കാലത്ത് കാണാൻ സാധിക്കും. അവർ ദൈവത്തിന്റെ സന്നിധിയുടെ വളരെ അടുക്കൽ ആണെങ്കിലും ഇപ്പോഴും ഗേറ്റിനു പുറത്ത് നിൽക്കുകയാണ്. അതിന് അസാധാരണമായ ധൈര്യം ആവശ്യമാണ്.

പത്രൊസിനെയും യോഹന്നാനെയും ടോം തടസ്സപ്പെടുത്തുന്നില്ല. മറിച്ച് ദൈവത്തിന്റെ ശക്തി പ്രകടമാക്കി ശക്തിയോടെ സുവിശേഷം പ്രസംഗിക്കാൻ അവരെ പ്രാപ്തരാക്കുന്ന ഒരാളായാണ് അവനെ കണ്ടത്.

ക്രിസ്ത്യാനികൾ വിശ്വാസത്തിനൊപ്പം നടക്കുന്നതിൽ അലസരാകാതിരിക്കുന്നത് പ്രാധാന്യമുള്ളതാണ്. ദൈവത്തോടൊപ്പം ഏകാന്തമായി സമയം ചെലവഴിക്കുന്നത് നല്ലതാണെങ്കിലും മറ്റുള്ളവർക്കുവേണ്ടി സമയവും പരിശ്രമവും വിഭവങ്ങളും പങ്കുവയ്ക്കേണ്ടതം പ്രാധാന്യമുള്ളതാണ്. നിങ്ങളുടെ ചുറ്റുമുള്ളവരോടും നിങ്ങൾക്കെതിരെ കടന്നുവരുന്നവരോടും അസാധാരണമായ ധൈര്യത്തോടെ ജീവിതത്തെക്കുറിച്ച് സംസാരിക്കുക. സുരക്ഷിതമായി കളിക്കാൻ ശ്രമിക്കരുത്.

## 3. അസാധാരണമായ വിശ്വാസം അസാധാരണമായ വെല്ലുവിളികൾ കൊണ്ടുവരുന്നു!

നമ്മുടെ വിശ്വാസം അചഞ്ചലമാകുമ്പോൾ, അത് അസാധാരണമായ വിശ്വാസത്തിലേക്ക് നയിക്കുന്നു, അത് അസാധാരണമായ വെല്ലുവിളികളും കൊണ്ടുവരുന്നു. ക്രിസ്തീയപാത വെല്ലുവിളികൾ നിറഞ്ഞതാണ്. അത് റോസാപൂവ് കൊണ്ടുള്ള മെത്തയാണെന്ന് വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. നാം നമ്മെത്തന്നെ ത്യജിച്ചുകൊണ്ട് നാൾതോറും നമ്മുടെ ക്രൂശ് വഹിക്കണം.

ജീവിതത്തെ മാറ്റിമറിച്ച ഒരു അത്ഭുതം കഴിഞ്ഞതിനുശേഷം പത്രൊസും യോഹന്നാനും ആഘോഷിക്കപ്പെടുകയോ ബഹുമാനിക്കപ്പെടുകയോ ചെയ്തില്ല, പകരം അവർ കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. എന്റെ പ്രീയപ്പെട്ട സുഹൃത്തുക്കളേ, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിൽനിന്ന് നമ്മെ തടയാൻ ആവശ്യമായ എല്ലാ തടസ്സങ്ങളും സാത്താൻ കൊണ്ടുവരും. എന്നിരുന്നാലും, നമുക്കുവേണ്ടിയുള്ള ദൈവീകപദ്ധതിയെ തടയാൻ മനുഷ്യന്റെയോ സാത്താന്റെയോ ഒരു ശക്തിക്കും കഴിയുകയില്ല.

പത്രൊസും യോഹന്നാനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവരെ കഠിനമായി ഭീഷണിപ്പെടുത്തുകയും ഇനി യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രസംഗിക്കരുതെന്ന് ആജ്ഞാപിച്ചു എങ്കിലും ഒന്നിനും അവരെ തടസ്സപ്പെടുത്തുവാൻ കഴിഞ്ഞില്ല.

എന്റെ പ്രീയ സ്നേഹിതരേ, അസാധാരണമായ സമയങ്ങൾ അസാധാരണമായ നടപടികൾ ആവശ്യപ്പെടുന്നു. നാം നമ്മുടെ വിശ്വാസം പ്രയോഗിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ നമുക്ക് നിരവധി പ്രശ്നങ്ങളും വെല്ലുവിളികളും നേരിടേണ്ടിവന്നേക്കാം. പക്ഷെ, നമ്മുടെ വിശ്വാസം നാം മുറുകെ പിടിക്കണം. നമ്മുടെ പ്രതിഫലം സ്വർഗ്ഗത്തിലാണ്, അതിനാൽ നാം നമ്മുടെ വിളിയിൽ വിശ്വസ്തരായിരിക്കണം. നമ്മൾ പിന്നോട്ടു നോക്കുകയോ പിന്നോട്ടു പോകുകയോ ചെയ്യാതെ മുന്നോട്ടു തന്നെ നീങ്ങുക.

**വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും** അപ്പൊസ്തലപ്രവൃത്തികൾ 14:22 ൽ നമ്മെ ഓർമ്മിപ്പിക്കുന്നു.

**നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു** എന്നും സങ്കീർത്തനങ്ങൾ 34:19 ൽ പ്രഖ്യാപിക്കുന്നു.

ദൈവീകജീവിതം നയിച്ചാലും കഷ്ടതകളിൽനിന്നും നാം ഒഴിവാക്കപ്പെടുന്നില്ല. ചരിത്രത്തിലുടനീളം വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരീക്ഷണങ്ങളും പ്രശ്നങ്ങളും അനുഭവിച്ചിരുന്നു എന്നു കാണാം. ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും, പള്ളിയിൽ പോകുന്നവർക്കും പോകാത്തവർക്കും പ്രശ്നങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ നിങ്ങൾ ഒരു മോശം വ്യക്തിയെന്നോ ദുഷ്ടവ്യക്തിയാണെന്നോ ഇതിനർത്ഥമില്ല. എന്നിരുന്നാലും ഒരു ദൈവപൈതൽ പരീക്ഷിക്കപ്പെടുമ്പോൾ ദൈവം ഇതിനെക്കുറിച്ച് ബോധവാനാണെന്നും നാം അവന്റെ കരങ്ങളിൽ സുരക്ഷിതരാണെന്നും നാം മനസ്സിലാക്കണം.

നിങ്ങളുടെ സാഹചര്യം വളരെയധികം നിരാശാജനകമാണെങ്കിലും നിങ്ങൾ ഒരിക്കലും ഒറ്റയ്ക്കല്ല. ദൈവം നിങ്ങളെ പരിപാലിക്കുന്നു, നിങ്ങളുടെ പോരാട്ടങ്ങളുടെ മദ്ധ്യേ അവൻ നിങ്ങളോടൊപ്പമുണ്ട്. നിങ്ങളുടെ അസാധാരണമായ വിശ്വാസം ഇന്നു തന്നെ പ്രയോഗിക്കുവിൻ.

*******


NEED
LIBRARY BOOKS

We need Tamil, English and Hindi books for our Libraries at **St. Paul's Matriculation School and Nehemiah Bible Colleges.** If you have new or old books in good condition and if you are willing to donate, kindly communicate with us.

- Pr. S. Sam Selva Raj, Editor
+91-98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## URGENT

We need about 1000 Hindi Christian Books for our Nehemiah Bible Colleges. Please inform us the possibility of procuring the theological Hindi books.

- Pr. S. Sam Selva Raj, Editor
+91-98412 71858

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th OCTOBER , 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**